"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ലയിലെ ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് മുൻ പ്രസിഡണ്ടായിരുന്ന ശ്രീ. അശോകൻ കോട്ട് വിമാന ടിക്കറ്റ് ബുക്ക് ചെയ്തതുമായി ബന്ധപ്പെട്ട് ചേമഞ്ചേരി ഗ്രാമപഞ്ചായത്തിൽ നിന്നും കൈപ്പറ്റിയ തുകയിൽ 4762/- രൂപയ്ക്ക് സാധൂകരണാനുമതി നൽകിയും, 1738/- രൂപ തിരികെ അടക്കാൻ നിർദ്ദേശം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇ.എം) വകുപ്പ്**

സ.ഉ.(സാധാ) നം.1325/2025/LSGD തീയതി,തിരുവനന്തപുരം, 29-05-2025

---

പരാമർശം:-

1. പഞ്ചായത്ത് ഡയറക്ടറുടെ 20.10.2020 തീയതിയിലെ PAN/11435/2020-G1(DP) നമ്പർ കത്ത്.
2. തദ്ദേശസ്വയംഭരണ വകുപ്പ്, പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ നിന്നുള്ള 04.07.2024, 23.04.2025 തീയതിയിലെ LSGD/PD/3083/2024-EER2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോഴിക്കോട് ജില്ലയിലെ ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് മുൻ പ്രസിഡന്റ് ശ്രീ. അശോകൻ കോട്ട് - ന് ഹൈദരാബാദിൽവെച്ച് 2020 മാർച്ച് 16 മുതൽ 20 വരെ നടന്ന National Programme on Promoting Rural Volunteerism For Sustainable Good Governance പരിശീലനത്തിൽ പങ്കെടുക്കാൻ വേണ്ടി ബുക്ക് ചെയ്ത വിമാന ടിക്കറ്റ് തുകയായ **6500/-** രൂപ പ്രസ്തുത പരിപാടി ക്യാൻസൽ ചെയ്തതിനെ തുടർന്ന് തിരികെ ലഭ്യമാകുന്നതിന് വിമാന കമ്പനിക്ക് അപേക്ഷ നൽകിയെങ്കിലും റീ ഫണ്ട് ചെയ്ത് നൽകിയില്ലയെന്നും, ടി സാഹചര്യത്തിൽ പ്രസ്തുത തുക തിരികെ നൽകുവാൻ പഞ്ചായത്ത് ഭരണസമിതി തീരുമാനിച്ച് പരാമർശം - 1 പ്രകാരം പഞ്ചായത്ത് ഡയറക്ടർ അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത പരാതി സംസ്ഥാനതല അദാലത്ത് സമിതി പരിശോധിക്കുകയും ടിക്കറ്റ് എടുത്ത ശേഷം മനുഷ്യ നിയന്ത്രണാതീതമായ കാരണത്താൽ പരിപാടി റദ്ദാക്കേണ്ടിവന്നത് യാത്രാക്കൂലി ഇനത്തിൽ യഥാർത്ഥത്തിൽ വിനിയോഗിച്ച തുക നൽകാതിരിക്കാൻ കാരണമല്ല എന്നതിനാൽ പഞ്ചായത്ത് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തനത് ഫണ്ടിൽ നിന്നും ആവശ്യമായ തുക

നൽകുന്നതിന് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ചേമഞ്ചേരി ഗ്രാമപഞ്ചായത്തിൽ നിന്നും 12.09.2024 തീയതിയിൽ ടിക്കറ്റ് തുകയായ **6500/-** രൂപ ശ്രീ. അശോകൻ കോട്ട് എന്നവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടെന്ന വിവരം പരാമർശം- 2 പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

2. സർക്കാർ ഈ വിഷയം പരിശോധിച്ചു. വിമാന കമ്പനിയിൽ നിന്ന് ലഭിച്ച വിവരങ്ങൾ പ്രകാരം 1738/- രൂപ ശ്രീ. അശോകൻ കോട്ട്- ന് തിരികെ ലഭിച്ചിട്ടുണ്ട്. പ്രസ്തുത തുക കിഴിവ് ചെയ്ത് ടിയാൻ ചേമഞ്ചേരി ഗ്രാമപഞ്ചായത്തിൽ നിന്നും കൈപ്പറ്റിയ 4762/- രൂപയ്ക്ക് സാധൂകരണാനുമതി നൽകിയും ബാക്കി 1738/- രൂപ ശ്രീ. അശോകൻ കോട്ടിൽ നിന്നും തിരികെ ഈടാക്കേണ്ടതാണെന്ന് ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ചിത്ര പി അരുണിമ കെ എ എസ്
അണ്ടർ സെക്രട്ടറി

പ്രസിഡന്റ്/സെക്രട്ടറി, ചേമഞ്ചേരി ഗ്രാമപഞ്ചായത്ത്, കോഴിക്കോട് ജില്ല.

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ [LSGD-EM2/108/2024-LSGD].

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ
Signed by
Ajith Kumar K A
Date: 29-05-2025 16:33:49

പകർപ്പ്:- സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്.